(സി) മൊത്തം ചെലവായ സംഖ്യയിൽ എന്തു സംഖ്യയാണ് ഈടാക്കേണ്ടിയിരുന്നത്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ, ബി) ഇതുവരെ ലഭ്യമായ വിവരമനുസരിച്ച് ഈടാക്കുവാൻ കഴിഞ്ഞതായി കാണുന്നില്ല.

(സി) ഉദ്ദേശം 43045 രൂപാ 19 പൈസ ഈടാക്കേണ്ടതുണ്ട്. പൂർണ്ണ വിവരം ശേഖരിച്ചു വരുന്നു.

15 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള ഹവീൽദാർമാർ

* 748 [814] ശ്രീ. പണാറത്ത് കുഞ്ഞുമുഹമ്മദ്:

,, പി. സീതിഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാപോലീസിൽ എം. എസ്. പി, എസ്. എ. പി. വിഭാഗങ്ങളിൽ 15 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള ഹവീൽദാർമാർ എത്ര ഉണ്ട്;

(ബി) പോലീസ് സേനയിലെ മറ്റു വിഭാഗങ്ങളെക്കാൾ പ്രമോഷൻ സാദ്ധ്യത കുറവുള്ള ഈ വിഭാഗക്കാർക്ക് പ്രമോഷൻ നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) എം. എസ്. പി. 34. എസ്. എ. പി. 49.

(ബി) പുതിയ പോലീസ് ബറാലിയനുകൾ രൂപീകരിക്കപ്പെടുന്നതോടുകൂടി ഇക്കാര്യത്തിനു പരിഹാരമുണ്ടാകുമെന്നാണ് കരുതേണ്ടത്.

ജയിലുകളിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ നടപടി

*749 [815] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെക്കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജയിലുകളിലെ അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് എം. എൽ. എ. മാരുടെ ഒരു പാനൽ നിയോഗിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):

ജയിലുകളിൽ അഴിമതി ഉള്ളതായി ഗവൺമെന്റിനു ബോദ്ധ്യപ്പെട്ടിട്ടില്ല. അതിനാൽ എം. എൽ. എ. മാരുടെ ഒരു പാനൽ വഴി അന്വേഷണം നടത്തേണ്ട ആവശ്യം ഉണ്ടെന്നു ഗവൺമെന്റ് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly